K18U 2242

Reg. No. : ...............................

Name : ...................................

# I Semester B.C.A./B.S.W./B.Sc. (LRP) Degree (CBCSS – Reg./ Supple./Improve.) Examination, November 2018
## COMMON COURSE IN MALAYALAM
## 1A 07 2MAL : സാഹിത്യവും വിവർത്തനവും
## (2016 Admn. Onwards)

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) 'എന്റെ വേളി' എന്ന കവിതയുടെ ദാർശനിക തലത്തെപ്പറ്റി ഉപന്യസിക്കുക.

2) 'ഇവനെക്കൂടി' എന്ന കവിതയിലൂടെ അനാവരണം ചെയ്യപ്പെടുന്ന വൈലോപ്പിള്ളി യുടെ വ്യക്തിത്വം എപ്രകാരമുള്ളതാണ് ? വിശകലനം ചെയ്യുക.

3) വേറിട്ട ആഖ്യാനശൈലി സ്വീകരിച്ചിട്ടുള്ള യാത്രാവിവരണമാണ് 'ഹൈമവതഭൂവിൽ' – സമർത്ഥിക്കുക.

4) വിവർത്തനവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെപ്പറ്റി വിവരിക്കുക. **(2×7=14)**

II. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

5) "മധുരസ്വപ്നശതാവലി പൂത്തൊരു
മായാലോകത്തെത്തീ ഞാൻ!" – കവി ഈ അവസ്ഥയിൽ എത്തിച്ചേർന്നതെങ്ങനെ ?

6) ഭാഷോല്പത്തിയെപ്പറ്റി നിലവിലുള്ള വാദങ്ങൾ പ്രധാനമായും മൂന്നു വകുപ്പിൽ പെടുന്നു – ഏതെല്ലാം ? വിശദമാക്കുക.

7) വിവിധതരം വിവർത്തനരീതികളെ പരിചയപ്പെടുത്തുക.

8) 'വിരഹത്തിലല്ലാതെ, ലാവണ്യം സമഗ്രമായ്
നിരവദ്യമായിട്ടു കാണുവാൻ കഴിവീല' – സാരസ്യം വിശദീകരിക്കുക.

9) "മിടിപ്പുതാഴുന്നതെൻ ഭാഷതൻ നെഞ്ചിന്നല്ലോ
ഇറക്കിക്കിടത്തിയതെന്റെ യൗവനമല്ലോ" – സൂചിതമെന്ത് ? അർത്ഥതലം വിശദീകരിക്കുക.

10) "പലകാലം തപസ്സു ചെയ്ത്
പലപീഡകളേൽക്കേണം" – ആര് ? കാരണമെന്ത് ? **(4×3=12)**

P.T.O.

III. **100** വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

11) വിവർത്തനത്തെ നിർവചിക്കുക.

12) 'ആനുഷംഗികമാണെങ്കിലും സോദ്ദേശ്യമാണ് ആ പ്രസ്താവന'. ഭാഷയെ സംബന്ധിച്ച ആ പ്രസ്താവന എന്തായിരുന്നു ?

13) 'ഗുരുവിൽ ഒരു ഗൗതമ സിദ്ധാർത്ഥനുണ്ടായിരുന്നു'. വ്യക്തമാക്കുക.

14) ''രംഗം മാറീ – കാലം പോയീ;
ഭംഗം വന്നു ഭാഗ്യത്തിൽ'' – സൂചിതം എന്ത് ?

15) ''നീ വിജനതകളിൽ ദമയന്തിതൻ കീറ –
ച്ചേലയിൽ, സാനുക്കളിലലഞ്ഞു പൊരുൾതേടി'' – മലയാള കവിതയിലെ ഏത് കാലഘട്ടങ്ങളെയാണ് വരികൾ സൂചിപ്പിക്കുന്നത് ? വിശദീകരിക്കുക.

16) വിവർത്തകൻ സത്യസന്ധനായിരിക്കണം എന്നു പറയുന്നതെന്തുകൊണ്ട് ? **(4×2=8)**

IV. **ഒറ്റ** വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

17) ദ്രാവിഡഭാഷകളെപ്പറ്റി ആദ്യമായി ഒരു ഗവേഷണ ലേഖനം എഴുതിയതാര് ?

18) 'ശലഭഗീതം' എന്ന പുസ്തകം എഴുതിയതാര് ?

19) 'പുതത്തെ മുലപ്പാലാൽ വെന്നു' സൂചിതമായ കവിത ഏത് ?

20) എന്റെ വേളി എന്ന കവിതയിലെ 'ജീവിതേശൻ' ആരാണ് ?

21) 'വാഴക്കുല' ആരെഴുതിയ കവിതയാണ് ?

22) 'ഭാഷാസംക്രമവാദം' അവതരിപ്പിച്ച പണ്ഡിതനാര് ?

23) 'വിശ്വസാഹിത്യം പത്തൊൻപതാം നൂറ്റാണ്ടിൽ' എന്ന കൃതി എഴുതിയതാര് ?

24) 'എന്റെ വേളി' എന്ന കവിത ഏത് സമാഹാരത്തിലാണ് ഉൾപ്പെടുന്നത് ? **(6×1=6)**

———————